# ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നടപടിക്രമങ്ങൾ

## ഹാജർ:ഡോ.നവ്ജോത് ഖോസ ഐഎഎസ്

**സി.എഫ്.എസ്** - കേരളത്തിലെ എല്ലാ ജില്ലകളിലെയും ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ശക്തമായ ഭക്ഷ്യസുരക്ഷാ പരിശോധന നടത്തുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**ഉത്തരവ് നം.ബി1/3003/17/സി.എഫ്.എസ് തീയതി 17/04/2017**

ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരമുള്ള ഭക്ഷ്യസുരക്ഷാ മാനദണ്ഢങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഹോട്ടലുകളും റസ്റ്റോറന്റുകളും കണ്ടെത്തുന്നതിനും ടി സ്ഥാപനങ്ങളിലെ ഭക്ഷ്യസുരക്ഷാ നിയമ ലംഘനങ്ങൾ കണ്ടെത്തി നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന്റെയും ഭാഗമായി ശക്തമായ ഭക്ഷ്യസുരക്ഷാ പരിശോധനകൾ **19.04.2017** ന് കേരളത്തിലെ എല്ലാ ജില്ലകളിലും പത്ത് മുതൽ പതിനഞ്ച് സ്ഥാപനങ്ങളിൽ നടത്തുന്നതിനും ടി പരിശോധനയ്ക്കായി പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

<u>അന്വേഷണ പരിധിയിൽ</u> -

1. ലൈസൻസ്/ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ
2. സ്ഥാപനത്തിന്റെ വൃത്തിയും ശുചിത്വവും സംബന്ധമായ വിവരങ്ങൾ
3. ജീവനക്കാരുടെ ഹെൽത്ത് കാർഡ് സംബന്ധമായ വിവരങ്ങൾ
4. മറ്റ് ഭക്ഷ്യസുരക്ഷാ മാനദണ്ഢങ്ങളുടെയും നിയമങ്ങളുടെയും ലംഘനങ്ങൾ (ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾ പൂട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാനും ഇതിനാൽ നിർദ്ദേശിക്കുന്നു.)

പരിശോധന സംഘങ്ങളുടെ വിവരങ്ങളും, പരിശോധന നടത്തേണ്ട ജില്ലകൾ സംബന്ധമായ വിവരങ്ങളും ഇതോടൊപ്പം നൽകുന്നു.

| ക്രമ നം. | അന്വേഷണ സംഘം | പരിശോധന നടത്തേണ്ട ജില്ല |
|---|---|---|
| 1 | തിരുവനന്തപുരം അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | കൊല്ലം |
| 2 | കൊല്ലം അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | തിരുവനന്തപുരം |
| 3 | പത്തനംതിട്ട അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | ആലപ്പുഴ |
| 4 | ആലപ്പുഴ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | പത്തനംതിട്ട |
| 5 | എറണാകുളം അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | തൃശ്ശൂർ |

| | | |
|---|---|---|
| 6 | ഇടുക്കി അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | കോട്ടയം |
| 7 | കോട്ടയം അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | ഇടുക്കി |
| 8 | തൃശ്ശൂർ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | എറണാകുളം |
| 9 | പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | മലപ്പുറം |
| 10 | മലപ്പുറം അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | പാലക്കാട് |
| 11 | കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | വയനാട് |
| 12 | വയനാട് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | കോഴിക്കോട് |
| 13 | കണ്ണൂർ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | കാസർഗോഡ് |
| 14 | കാസർഗോഡ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രണ്ട് എഫ് എസ് ഒ മാർ | കണ്ണൂർ |

ജില്ലാതല പരിശോധന സംഘങ്ങൾ രൂപീകരിച്ച് ഉത്തരവിറക്കേണ്ടതും പരിശോധന സംബന്ധമായ റിപ്പോർട്ടുകൾ അന്നേ ദിവസം തന്നെ കമ്മീഷണറേറ്റിൽ ഇ-മെയിൽ മുഖേന ലഭ്യമാക്കേണ്ടതുമാണ്. കൂടുതൽ നിർദ്ദേശങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതും **19.04.2017** ന് യാതൊരുവിധ അവധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അനുവദനീയവുമല്ല.

**ഭക്ഷ്യസുരക്ഷാ കമ്മീഷണർ**

**സ്വീകർത്താവ്**

എല്ലാ ജില്ലാ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്കും

**പകർപ്പ് : -**

1. ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ലീഗൽ)
2. ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
3. ഫയൽ/സ്റ്റോക്ക്ഫയൽ